# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3662

20.06.2018 — ൽ മറുപടിക്ക്

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ

**ചോദ്യം**

**ശ്രീ.ചിറ്റയം ഗോപകുമാർ**
**,, ജി.എസ്.ജയലാൽ**
**,, ഇ.ടി. ടൈസൺ മാസ്റ്റർ**
**,, കെ. രാജൻ :**

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

(എ) 2016-18 കാലഘട്ടത്തിൽ പൊതുവിതരണ സമ്പ്രദായത്തിൽ വന്ന കാതലായ മാറ്റങ്ങൾ വിശദമാക്കുമോ;

(എ) ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 സംസ്ഥാനത്ത് 2016 നവംബറിൽ നടപ്പിലാക്കിയിട്ടുണ്ട്. എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം എന്നിവ നടപ്പിലാക്കി. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് റേഷൻസംവിധാനം ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഇപ്രകാരം റേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി തീർന്നു.

(ബി) ജി.എസ്.ടി. നടപ്പാക്കിയതിനെ തുടർന്ന് സംസ്ഥാനത്ത് പൊതുവിപണിയിൽ ഉണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) യും (സി) യും

വിലക്കയറ്റം തടയുന്നതിന് നിലവിലുള്ള കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി പ്രകാരം വിപണിയിൽ കൂടുതൽ സ്റ്റോക്ക് എത്തിച്ച് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക വഴി വിലനിലവാരം നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെ വില സ്ഥിരത ഉറപ്പ് വരുത്തുന്നുണ്ട്. ഇതിന് പുറമേ 28 ഇനം ഫ്രീസെയിൽ സബ്സിഡി ഉൽപന്നങ്ങൾ, സപ്ലൈകോയുടെ ശബരി ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ മറ്റ് ബ്രാന്റഡ് കമ്പനികളുടെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. പൊതുവിപണിയിലെ അരിയുടെ വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമേ, ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

ഉത്സവ കാലങ്ങളിൽ നിലവിലുള്ള വിൽപ്പന ശാലകൾക്ക് പുറമേ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കാറുണ്ട്. അവശ്യ സാധനങ്ങളായ പയറു വർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.

| | |
|---|---|
| (ഡി) പൊതുവിപണിയിൽ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും കാര്യമായ ഇടപെടലുകൾ നടത്തുന്നതിനും സർക്കാരിന്റെ പരിമിതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) വിലനിലവാരം നിയന്ത്രിക്കുന്നതിന് സർക്കാരിന് വളരെയധികം കഴിഞ്ഞിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായതിനാൽ ചരക്ക് ഗതാഗത കൂലി വർദ്ധിക്കുന്നത് പെട്രോളിയം ഉൽപന്നങ്ങളായ പെട്രോൾ/ഡീസൽ എന്നിവയുടെ വിലവർദ്ധനവിനെ അടിസ്ഥാനമാക്കി ആയതിനാൽ വില വർദ്ധിക്കുമെന്നത് സ്വാഭാവികമാണ്. |

*സെക്ഷൻ ഓഫീസർ*